# കേരള സർക്കാർ

## പതിമൂന്നാം നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1975      22.03.2012 - ൽ മറുപടിയ്ക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ. ലതിക | ശ്രീ. കെ.എം. മാണി,<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| **പൊതു - സ്വകാര്യ - പഞ്ചായത്ത് പങ്കാളിത്തം** | |
| (എ) ബഡ്ജറ്റ് 2011 - 12-ൽ പ്രഖ്യാപിച്ച പൊതു-സ്വകാര്യ-പഞ്ചായത്ത് പങ്കാളിത്തം സംബന്ധിച്ച നിബന്ധനകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | 2011-12 സാമ്പത്തികവർഷം പൊതു-സ്വകാര്യ-പഞ്ചായത്ത് പങ്കാളിത്തവുമായി ബന്ധപ്പെട്ട നിബന്ധനകൾ സംബന്ധിച്ച് പൊതുവായ ഉത്തരവുകളൊന്നും തന്നെ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ, പൊതു-സ്വകാര്യ-പഞ്ചായത്ത് പങ്കാളിത്തത്തോടെ, 'കേരള സംസ്ഥാന സ്വയം സംരക്ഷക വികസന മിഷൻ' എന്ന പരിപാടി നടപ്പിലാക്കുന്നതിന് 08.12.2011-ലെ G.O.(Ms) No.590/11/Fin. ഉത്തരവു പ്രകാരം അനുമതി നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം) |
| ബി) പി.പി.പി. അടിസ്ഥാനത്തിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടോ യെന്നും എവിടെയൊക്കെയാണ് ആരംഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | 2011-12 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കേരളത്തിലെ രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പൊതുമേഖല, സ്വകാര്യ മേഖല, പഞ്ചായത്തുകൾ എന്നിവയുടെ സംയുക്ത പങ്കാളിത്തത്തോടെ (P-P-P-P Model) 'കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ' എന്ന പദ്ധതി നടപ്പിലാക്കിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതനുസരിച്ച് 08.12.2011 -ലെ സ.ഉ. (എം.എസ്)590/11/ധനം. നമ്പർ ഉത്തരവു പ്രകാരം പ്രസ്തുത പരിപാടി 2011-12 മുതൽ നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം). കേരള ധനകാര്യ കോർപ്പറേഷൻ (KFC) ആണ് പ്രസ്തുത പരിപാടി നടത്തിപ്പിനുള്ള നോഡൽ ഏജൻസി. കേരളത്തിന്റെ എല്ലാ ജില്ലകളിലും ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.